**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മലപ്പുറം ജില്ല – ജനസമ്പർക്ക പരിപാടി - ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന – യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 199/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 24/01/2017

---

പരാമർശം:- 1) ശ്രീ.അബ്ദുറബ്ബ് എം.എൽ.എ യുടെ 11/01/2017 ലെ കത്ത്.

2) സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, തിരൂരങ്ങാടി എന്നീ മുനിസിപ്പാലിറ്റികളിലും, നന്നമ്പ്ര, തെന്നല, പെരുമണ്ണ-ക്ലാരി, എടരിക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിലും വച്ച് മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയുമായി സഹകരിച്ചുകൊണ്ട് എം.എൽ.എ യുടെ നേതൃത്വത്തിൽ 2017 ജനുവരി 20 മുതൽ 2017 ഫെബ്രുവരി 10 വരെ നടക്കുന്ന ജനസമ്പർക്ക (തിരൂരങ്ങാടി-ജനപക്ഷ വികസനം) പരിപാടിക്ക് ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി എന്നിവയുടെ ഫണ്ടിൽ നിന്നും 20,000/- രൂപയിൽ കവിയാത്ത തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവയുമായി സഹകരിച്ചുകൊണ്ട് ശ്രീ.അബ്ദുറബ്ബ് എം.എൽ.എ യുടെ നേതൃത്വത്തിൽ 2017 ജനുവരി 20 മുതൽ 2017 ഫെബ്രുവരി 10 വരെ നടക്കുന്ന ജനസമ്പർക്ക (തിരൂരങ്ങാടി-ജനപക്ഷ വികസനം) പരിപാടിക്ക് മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, തിരൂരങ്ങാടി എന്നീ മുനിസിപ്പാലിറ്റികൾക്കും നന്നമ്പ്ര, തെന്നല, പെരുമണ്ണ-ക്ലാരി, എടരിക്കോട് എന്നീ ഗ്രാമപഞ്ചായത്തുകൾക്കും തനത് ഫണ്ടിൽ നിന്ന് പരമാവധി 20,000/- (ഇരുപതിനായിരം) രൂപ സംഭാവന നൽകുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
✓എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.